

# IBPMS FAQ's

SoftTech
Empowering Transformation

1. **Building permission ഓൺലൈൻ വഴി ആകുന്നത് കൊണ്ടുള്ള ഗുണങ്ങൾ  എന്തൊക്കെയാണ്?**

   1. കെട്ടിട നിർമാണഅനുമതികളുമായി ബന്ധപ്പെട്ട നിയമവശങ്ങൾ പരിശോധിക്കുന്നതിനുള്ള പേപ്പർ അധിഷ്ഠിത  പരമ്പരാഗതരീതിയെ ഇത് കമ്പ്യൂട്ടർ വൽക്കരിക്കുന്നു.
   2. ഒന്നിലധികം NOC ഏജൻസികളിൽ നിന്ന് കെട്ടിട അനുമതികളുമായി ബന്ധപ്പെട്ട NOC-കളും ക്ലിയറൻസുകളും വളരെ വേഗത്തിൽ നേടുന്നതിന് ഓൺലൈൻ അപേക്ഷ സഹായിക്കുന്നു.
   3. പ്രമാണങ്ങളുടെ ഡിജിറ്റൽ പതിപ്പ് സൂക്ഷിക്കുന്നതിനാൽ  E- Governance വളരെയധികം  സഹായിക്കുന്നു.
   4. കെട്ടിട നിർമാണ അനുമതികളുമായി ബന്ധപ്പെട്ട അപേക്ഷകൾ വളരെ വേഗത്തിൽ തീർപ്പാകുന്നതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട എല്ലാ കക്ഷികൾ ക്കും സമയലാഭം ഉണ്ടാക്കുന്നു.
   5. കെട്ടിട നിർമാണ അനുമതികളുമായി ബന്ധപ്പെട്ട അപേക്ഷകൾക്ക് സുതാര്യത കൊണ്ടുവരുന്നു.
   6. വ്യത്യസ്ത  തലങ്ങളിൽ  ഉള്ള  പ്രക്രിയകളെ  ഒരു ഏകികൃതരീതിയിലേക്ക് കൊണ്ടുവരുന്നു.

2. **ഓൺലൈൻ അനുമതിയുടെ പ്രയോജനങ്ങൾ എന്തൊക്കെയാണ്?**

   1. കെട്ടിട നിർമാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളുടെ വ്യാഖ്യാനങ്ങൾക്ക് ഒരു ഏകികൃതരീതി കൊണ്ടുവരാൻ  സാധിക്കും.
   2. ദൈർഘ്യമേറിയതും ബുദ്ധിമുട്ടുള്ളതുമായ കണക്കുകൂട്ടലുകൾ ഒഴിവാക്കി സൂക്ഷ്മപരിശോധ വേഗത്തിലാക്കുന്നു.
   3. CAD & WORKFLOW   സാങ്കേതികവിദ്യയിലൂടെ   സൂക്ഷ്മപരിശോധനയും അതുപോലെ പദ്ധതികളുടെ  Permission നൽകുന്ന  പ്രക്രിയയിൽ പുതുമ

കൊണ്ടുവരുന്നു. അതുപോലെ Permission പ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാ Stakeholders ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഒരുമിച്ച് കൊണ്ടുവരുന്നു.

4. കെട്ടിട നിർമാണ അനുമതികളുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടെയും Role കൃത്യമായി തന്നെ Map ചെയ്തു വെക്കുന്നു. അതുപോലെ തന്നെ MIS Reports വഴി കെട്ടിട നിർമാണ അനുമതികളുടെ കാര്യക്ഷമത പരിശോധിക്കാവുന്നതാണ്.
5. ഒരു കെട്ടിടത്തിന് അനുമതി നൽകുന്നതും അതുപോലെ നിരസിക്കുന്നതും കൃത്യമായ കാരണങ്ങൾ രേഖപെടുത്തിയിട്ടാണ് ഇത് കെട്ടിട നിർമാണ അനുമതികളുമായി ബന്ധപ്പെട്ട അപേക്ഷകൾക്ക് സുതാര്യത കൊണ്ടുവരുന്നു.
6. SMS/ Email/ Web വഴിയുള്ള സേവനങ്ങൾ നൽകുന്നു.
7. കാര്യക്ഷമവും സുതാര്യവുമായ ഇ-ഗവേണൻസ് സംവിധാനങ്ങളിലൂടെ പൊതുജന സേവനം മെച്ചപ്പെടുത്തുന്നു.
8. സ്ഥല പരിശോധന നടത്തുന്നതിനായി ഒരു മൊബൈൽ അപ്ലിക്കേഷൻ ലഭ്യാമാണ് .ഈ മൊബൈൽ അപ്ലിക്കേഷൻ ഉപയോഗിച്ചുകൊണ്ട് സ്ഥല പരിശോധന, സ്ഥലത്തിലെ നിലവിലെ സവിശേഷതകൾ എന്നിവ ആപ്ളിക്കേഷനിൽ രേഖപെടുത്താവുന്നതാണ് .അതുപോലെ ഉദ്യോഗസ്ഥർക്ക് അവരുടെ അഭിപ്രായങ്ങൾ നൽകാനും തത്സമയം സ്ഥലത്തിലെ നിലവിലെ അവസ്ഥ കാണിക്കുന്ന ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യുവാനും കഴിയും.
9. Dashboard, Payment Gateway and Digital Signature, Uniform interpretation of Bye-laws state-wide തുടങ്ങിയ എല്ലാ ഓൺലൈൻ സേവനങ്ങളും നൽകുന്നു.
10. ലൈസെൻസി submit ചെയ്യുന്ന CAD drawings നിന്ന് KMBR 2019 അനുസരിച്ചുള്ള കെട്ടിട നിർമാണ ചട്ടങ്ങൾ പരിശോധിക്കുകയും അതിനുശേഷം Building permit /Occupancy - ക്ക് വേണ്ടി Urban Local Bodies submit ചെയ്യുന്ന drawings- നെ ഒരു ഏകികൃതരീതിയിലേക്ക് Convert ചെയ്യുകയും ചെയ്യുന്നു.
11. കെട്ടിട നിർമാണ ചട്ടങ്ങൾ കാര്യക്ഷമായി നടപ്പിലാക്കുന്നതിനും അതുപോലെ ബിൽഡിംഗ് പെർമിറ്റ് നൽകുന്ന പ്രക്രിയയിൽ Local bodies, Government, Citizens, and other stakeholders തുടങ്ങിയവരെ ഒരൊറ്റ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരാൻ IBPMS സഹായിക്കുന്നു.

## 3. IBPMS വഴി ഒരു കെട്ടിടം പണിയുന്നതിനുള്ള പെർമിറ്റ് എങ്ങനെ ലഭിക്കും?

IBPMS വഴി കെട്ടിട നിർമ്മാണ  അനുമതി ലഭിക്കുന്നതിന് അപേക്ഷകൻ ഒരു Registered Licensee മുകാന്തിരം  KMBR 2019 പ്രകാരം ആവശ്യമായ എല്ലാ രേഖകളും കൂടാതെ PreDCR ഫോര്മാറ്റിലേക്ക്  മാറ്റിയാ  CAD Drawing കൂടി http://ibpms.kerala.gov.in/ എന്ന വെബ്സൈറ്റ് വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം.

## 4. ആപ്ലിക്കേഷൻ ഫോംഎന്താണ്?

IBPMS വെബ്സൈറ്റ് വഴി ഓൺലൈൻ ആയി  കെട്ടിട നിർമ്മാണ  അനുമതി അപേക്ഷ സമർപ്പിക്കുന്നതിന്, ഒരു  ഓൺലൈൻ ആപ്ലിക്കേഷൻ ഫോം നൽകിയിട്ടുണ്ട്. പ്ലോട്ടുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഉടമയുടെ പേരും വിലാസവും, പ്ലോട്ടിന്റെ വിസ്തീർണ്ണം, കെട്ടിട അനുമതിയുടെ തരം, വാർഡിന്റെയും സോണിന്റെയും പേര്, സ്ട്രക്ച്ചറൽ എഞ്ചിനീയർ തുടങ്ങിയ വിശദാംശങ്ങൾ ലൈസൻസി  ഓൺലൈൻ ആയി  ആപ്ലിക്കേഷൻ ഫോമിൽ കൃത്യമായി രേഖപ്പെടുത്തണം.

## 5. IBPMS അപേക്ഷയോടൊപ്പം  നിര്ബന്ധിതമായി സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണ് ?

1) PreDCR Drawing
2) Ownership Documents
3) Latest Land Tax Paid Receipt.
4) Possession Certificate
5) Basic Tax Register Extract (BTR - Extract)
6) Licensee Certificate
7) Self-declaration certificate/ Affidavit.
8) For Addition, Alteration and Revision Case, Earlier Approved details need to be uploaded.
9) All NOC’s & Clearances as per rule & acts in KMBR

## 6. IBPMS ഓൺലൈൻ അപേക്ഷയോടൊപ്പം അടയ്ക്കേണ്ട ഫീസ് എന്തൊക്കെയാണ്?

സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ ആദ്യം ഫീസ് ഒന്നും തന്നെ ഈടാക്കുന്നില്ല.സൂക്ഷ്മപരിശോധനയ്ക്ക് ശേഷം നോർമൽ ആപ്ലിക്കേഷൻ ഫീസ് ഓൺലൈൻ ആയി അടച്ചുകഴിഞ്ഞാൽ ലൈസെൻസിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ് .

## 7. IBPMS പണമടക്കുന്ന രീതി എങ്ങനെയാണ് ?

നെറ്റ് ബാങ്കിംഗ് / ഡെബിറ്റ് കാർഡ് / ക്രെഡിറ്റ് കാർഡ് എന്നിവയിലൂടെ ഓൺലൈൻ ആയി മാത്രമേ IBPMS പേയ്മെന്റ് നടത്തുവാൻ സാധിക്കുകയുള്ളു .

## 8. IBPMS സമർപ്പിച്ചിരിക്കുന്ന അപേക്ഷയുടെ സ്റ്റാറ്റസ് എങ്ങനെ ട്രാക്ക് ചെയ്യാം?

ഓൺലൈൻ പോർട്ടൽ തുറന്നതിനു ശേഷം (http://ibpms.kerala.gov.in/) “District “ & “ULB”, സെലക്ട് ചെയ്യുക. അപ്പോൾ ഓപ്പൺ ആയിവരുന്ന വിൻഡോയിൽ “Citizen Search” എന്ന ടാബ് കാണുവാൻ സാധിക്കും . ആ ടാബ് ഓപ്പൺ ചെയ്യുക. അതിനു ശേഷം താഴെ കൊടുത്തിരിക്കുന്ന ഡീറ്റെയിൽസ് type ചെയ്യുക.

a) File No.
b) Name of Applicant
c) Name of Licensee

## 9. ഒരു പുതിയ ലൈസൻസിക്ക് കെട്ടിട നിർമാണ അനുമതിക്കായി എങ്ങനെ അപേക്ഷിക്കാം?

ഓൺലൈൻ സിസ്റ്റം ഉപയോഗിക്കുന്നതിന് മുന്പ് ആദ്യം നിങ്ങൾ **Regional Joint Director ( RJD )** കീഴിൽ രജിസ്റ്റർ ചെയ്തിരിക്കണം .

നിങ്ങൾ യോഗ്യതയുള്ള ലൈസൻസിയാണെങ്കിൽ നിങ്ങളുടെ വിദ്യാഭ്യാസം, രജിസ്ട്രേഷൻ നമ്പർ, മറ്റ് പൊതു വിവരങ്ങൾ എന്നിവ IBPMS-ലേക്ക് രജിസ്റ്റർ ചെയ്യണം.

രജിസ്ട്രേഷന് ശേഷം, ലൈസൻസിക്ക് IBPMS- സിൽ നിന്ന് ലോഗിൻ ഡീറ്റെയിൽസ് SMS/ Email ആയി ലഭിക്കുന്നതായിരിക്കും.

IBPMS -സിൽ വിജയകരമായി രജിസ്റ്റർ ചെയ്ത ശേഷം ആവശ്യമായ രേഖകളും നിർദ്ദിഷ്ട ഡ്രോയിംഗുകളും സഹിതം നിങ്ങൾക്ക് കെട്ടിട നിർമാണ അനുമതിക്കായി അപേക്ഷ സമർപ്പിക്കാവുന്നതാണ്

## 10. ലൈസൻസി കൺസോളിൽ 'Scrutiny report എങ്ങനെ കാണുവാൻ സാധിക്കും ?

1) Submission Pending' or '**Outbox**' tab ഓപ്പൺ ചെയ്യുക. അതിനു ശേഷം ആവിശ്യം ഉള്ള File Number സെലക്ട് ചെയ്യുക.
2) പേജിന്റെ മുകളിൽ വലതുവശത്തുള്ള " **Report**" ബട്ടണിൽ Click ചെയ്ത്കൊണ്ട് "Scrutiny Report "ഓപ്പൺ ചെയ്യാവുന്നതാണ്.

## 11. എങ്ങനെയാണ് approved drawing download ചെയ്യുന്നത് ?

1) **'Approved Files'** tab ഓപ്പൺ ചെയ്യുക. അതിനു ശേഷം ആവിശ്യം ഉള്ള File Number സെലക്ട് ചെയ്യുക.
2) പേജിന്റെ മുകളിൽ വലതുവശത്തുള്ള **" Report"** ബട്ടണിൽ **Drawing PDF** Click ചെയ്ത്കൊണ്ട് "**Approved drawing** " download ചെയ്യാവുന്നതാണ്.

## 12. എങ്ങനെ ഒരു സുരക്ഷിതമായ പാസ്‌വേഡ് ഉണ്ടാക്കാം ?

1) ചുരുങ്ങിയത് 6 കാരക്റ്ററുകളെങ്കിലും ഉണ്ടായിരിക്കണം
2) Password ഉണ്ടാക്കുമ്പോൾ അക്കങ്ങളും അക്ഷരങ്ങളും അടയാളങ്ങളുമെല്ലാം ഇടകലര്ത്തിയുള്ള Password നിർമ്മിക്കുക.

## 13. മറന്നു പോയ പാസ്‌വേഡ് എങ്ങനെ വീണ്ടെടുക്കാം ?

നിങ്ങളുടെ പാസ്‌വേഡ് മറന്നുപോയാൽ , ലോഗിൻ പേജിൽ Password ബോക്സിൽ Forgotten പാസ്സ്‌വേർഡ് ക്ലിക്കുചെയ്യുക.

അപ്പോൾ തുറന്നു വരുന്ന വിൻഡോയിൽ, നിങ്ങളുടെ Login Name , Mobile നമ്പർ ,Email ID എന്നിവ നൽകുക, തുടർന്ന് Submitt ബട്ടൺ ക്ലിക്കുചെയ്യുക. അപ്പോൾ Password reset ചെയ്യുവാനുള്ള പേജ് ഓപ്പൺ ആയിവരുന്നതാണ്

## 14. ബിൽഡിംഗ് പെർമിറ്റ് കാലാവധി എത്ര വർഷമാണ് ?

മുനിസിപ്പലാലിറ്റി / കോർപ്പറേഷൻ അനുവദിക്കുന്ന ബിൽഡിംഗ് പെർമിറ്റ് കാലാവധി 5 വർഷത്തേക്ക് സാധുതയുള്ളതാണ്. എന്നിരുന്നാലും ഇത് വീണ്ടും 5 വര്ഷത്തേക്കുകൂടി പുതുക്കാൻ കഴിയും , അതിനുശേഷം ഈ സമയം കെട്ടിടം നിർമ്മിച്ചില്ലെങ്കിൽ പുതിയ അനുമതി ആവശ്യമാണ്.

## 15. സൂക്ഷ്മപരിശോധനക്കായി ഡ്രോയിംഗ് ഫയൽ എങ്ങനെ Submit ചെയ്യാം?

ലൈസൻസിയുടെ ലോഗിനിൽ, ഡ്രോയിംഗ് ടാബിന് കീഴിൽ PreDcr ഫോർമാറ്റ് ഡ്രോയിംഗ് അറ്റാച്ചുചെയ്യണം. അതിനുശേഷം, മുനിസിപ്പലാലിറ്റി / കോർപ്പറേഷനിൽ സമർപ്പിക്കുന്നതിന് മുമ്പ് ആദ്യം സൂക്ഷ്മപരിശോധന പ്രക്രിയയ്ക്കായി സമർപ്പിക്കണം.

## 16. ഫയലിന്റെ സ്റ്റാറ്റസ് ചെക്ക് ചെയ്യുന്നതെങ്ങനെയാണ് ?

മുനിസിപ്പലാലിറ്റി / കോർപ്പറേഷൻ സമർപ്പിച്ച എല്ലാ അപേക്ഷകൾക്കും , **Proposal Flow** എന്ന ടാബ് ക്ലിക്കുചെയ്യുന്നതിലൂടെ ഫയൽ ഏത് ഉദ്യോഗസ്ഥന്റെ കയ്യിൽ ആണ് ഉള്ളത് എന്ന് കാണുവാൻ സാധിക്കും

## 17. അപ്രൂവ്ഡ് പ്ലാനിന്റെ ഹാർഡ് കോപ്പി എനിക്ക് മുനിസിപ്പലാലിറ്റി / കോർപ്പറേഷനിൽ നിന്ന് ലഭിക്കുമോ?

ഇല്ല. നിങ്ങൾക്ക് IBPMS വെബ് പോർട്ടലിൽ നിന്ന് download ചെയ്യുവാൻ കഴിയും.

## 18. IBPMS സമർപ്പിച്ച അപേക്ഷയുടെ വിവരങ്ങൾ ഉടമസ്ഥനും ലൈസൻസിക്കും കൈമാറുന്നതെങ്ങനെയാണ് ?

കെട്ടിട നിർമാണ അനുമതിക്കായി അപേക്ഷിച്ചതിന് ശേഷം, IBPMS ഹെൽപ്പ് ഡെസ്ക് സന്ദർശിക്കുകയോ IBPMS വെബ് പോർട്ടലിലെ **Citizen Search** പരിശോധിക്കുകയോ ചെയ്യുന്നതിലൂടെ ലൈസൻസി / ഉടമസ്ഥന് അവരുടെ പ്രൊപ്പോസൽ ഫയലിന്റെ സ്റ്റാറ്റസ് എളുപ്പത്തിൽ പരിശോധിക്കുവാൻ സാധിക്കും.

അതുപോലെ Scrutiny Passed /Failed, സ്ഥല പരിശോധന, അംഗീകാരം മുതലായ പ്രൊപ്പോസൽ ഫയലിന്റെ ഏത് ഘട്ടത്തിലും ലൈസൻസിക്കും ഉടമയ്ക്കും എസ്എംഎസ് / ഇ-മെയിലുകൾ വഴി അലേർട്ടുകൾ നൽകുന്നു.